**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1944** **11-10-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി. പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഐ.ടി. പദ്ധതികൾ വിപുലീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഓരോ ജില്ലകളിലും വിഭാവനം ചെയ്യുന്ന പദ്ധതികളുടെ വിശദാംശങ്ങളും അറിയിക്കുമോ; | (എ) | ജില്ലാതലത്തിലുള്ള ഐ.ടി വികസനത്തിലുപരി സംസ്ഥാനത്തുടനീളം ഐ.ടി മേഖലയിലുള്ള വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. പരമാവധി നിക്ഷേപങ്ങളും, ദേശീയ-അന്തർദേശീയതലത്തിലുള്ള വൻകിട ഐ.ടി/ ഐ.ടി.ഇ.എസ്, അനുബന്ധ വ്യവസായ സംരംഭങ്ങളും കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി സർക്കാർ ലോകോത്തരനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ഐ.ടി.പാർക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ഐ.ടി.പദ്ധതികൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രധാന ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ചുള്ള ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലുള്ള ഉപ-പാർക്കുകൾ പ്രവർത്തിക്കുന്നു. ഇത്തരത്തിൽ തിരുവനന്തപുരം ടെക്നോപാർക്ക് കേന്ദ്രീകരിച്ച് കൊല്ലം ജില്ലയിലെ കുണ്ടറ ടെക്നോപാർക്കും, കൊച്ചി ഇൻഫോപാർക്ക് കേന്ദ്രീകരിച്ച് തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും, ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും ഇൻഫോ പാർക്കിന്റെ സാറ്റലൈറ്റ് കാമ്പസുകൾ ആരംഭിക്കുയുണ്ടായി. സംസ്ഥാനത്തെ വിവിധ ഐ.ടി.പാർക്കുകളിലേയ്ക്ക് ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിന്റെ ഭാഗമായി ആഗോളതലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി/ ഐ.ടി.ഇ.എസ് മേഖലകളിലെ 20 വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി കേരളത്തിലേക്ക് ക്ഷണിച്ചിട്ടുണ്ട്. 30,000 സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പുറമേ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 ലക്ഷത്തോളം കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സേവനം നൽകുന്നതിനായി ആവിഷ്കരിച്ച |

| | | | |
|---|---|---|---|
| | | | കെ-ഫോൺ പദ്ധതി ഈ വർഷം അവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിൽ പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടം 2021 ഫെബ്രുവരി 15 ന് പൂർത്തീകരിച്ചു. വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും 'm–സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകുകയും, അവ 01.10.2021 ൽ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. |
| (ബി) | ഐ.ടി. മിഷൻ മുഖേന സൗജന്യമായി ഇന്റർനെറ്റ് നൽകുന്ന പബ്ലിക് വൈഫൈ പ്രോഗ്രാമിന്റെ പ്രവർത്തനം നിലവിൽ ഏതുഘട്ടത്തിലാണെന്നും ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ; | (ബി) | പൊതു സ്ഥലങ്ങളിൽ സൗജന്യ വൈ-ഫൈ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ബി.എസ്.എൻ.എൽ -ന്റെ സഹകരണത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2000 കേന്ദ്രങ്ങളിൽ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുകയും ബസ് സ്റ്റാൻഡുകൾ, പാർക്കുകൾ, ലൈബ്രറികൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ സൗജന്യ വൈ-ഫൈ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | എം. കേരള മൊബൈൽ ആപ്ലിക്കേഷന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും അറിയിക്കുമോ? | (സി) | മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ സമയബന്ധിതവും അനായാസവുമായി ഒരു മൊബൈൽ ഫോണിലൂടെ ഏത് സമയത്തും ജനങ്ങൾക്ക് ലഭ്യമാക്കുന്ന 'm-സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും 01.10.2021 ൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ